പെൺകുട്ടികൾക്ക് സ്വയം പ്രതിരോധത്തിന്റെ കരുത്തും ആത്മ വിശ്വാസവും പകരുന്ന പോലിസിന്റെ പവലിയനിൽ വൻ തിരക്ക്. യു.സി കോളേജ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായാണ് പോലീസ് സ്റ്റാൾ ഒരുക്കിയിട്ടുള്ളത്. ആകസ്മികമായി ആക്രമണമുണ്ടായാൽ ശാരീരിക ഭാഗങ്ങൾ ഉപയോഗിച്ച് പ്രത്യാക്രമണം നടത്തി രക്ഷ നേടുന്നതെങ്ങനെയെന്ന് പഠിപ്പിച്ചു കൊടുക്കുകയാണ് ഈ സറ്റാളിൽ ചെയ്യുന്നത്. പരിശീലനം സിദ്ധിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരാണ് ക്ലാസുകൾക്ക് നേതൃത്വം നൽകുന്നത്.